1 എം.എൽ.എ-എ.ഡി.എഫ്- കാടാംകുളംകുടിവെള്ള പദ്ധതി

2 കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്-ഡിപ്പോസിറ്റ് പ്രവർത്തി-ആലുംപാറ കുടിവെള്ള പദ്ധതി

3 നബാർഡ്-കരിപ്ര പഞ്ചായത്തിലെ കരിപ്ര കുടിവെള്ള പദ്ധതി

4 എ.ആർ.ഡബ്ല്യു.എസ്.പി.-കുളക്കട- പവിത്രേശ്വരം കുടിവെള്ള വിതരണ പദ്ധതി

5 ജില്ലാ പഞ്ചായത്ത് -ഡിപ്പോസിറ്റ് പ്രവൃത്തി-ഇതിയൂർ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി

6 കുണ്ടറ ശുദ്ധജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണം

ഇവ കൂടാതെ മൈലം-തലവൂർ-പിടവൂർ കുടിവെള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത 6 പദ്ധതികളും പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തിവരുന്നു. മൈലം-തലവൂർ-പിടവൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള വിവിധ ഘടകങ്ങളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(സി) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നിലവിൽ 16 പ്രവൃത്തികൾ നടന്നുവരുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഇവകൂടാതെ മൈലം-തലവൂർ-പിടവൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള വിവിധ ഘടകങ്ങളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. കൂടാതെ കുളക്കട-പവിത്രേശ്വരം പദ്ധതിയുടെ 2-ാം ഘട്ടമായി വിതരണശൃംഖല സ്ഥാപിക്കുന്നതിനായുള്ള സർവ്വേ ജോലികളുടെ ടെണ്ടർ നടപടികളും നടന്നുവരുന്നു.

ചെങ്കള്ളൂർ സ്വീവറേജ് പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കാൻ നടപടി

180 (4983) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ ചെങ്കള്ളൂരിൽ സ്ഥിതി ചെയ്യുന്ന സ്വീവറേജ് പമ്പ് ഹൗസ് പ്രവർത്തനക്ഷമമല്ലാത്തതു കാരണം കക്കൂസ് മാലിന്യം നിരത്തിലൂടെ ഒഴുകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതുവരെ പ്രസ്തുത പ്രശ്നം പരിഹരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുതപ്രശ്നം എന്നത്തേക്ക് പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചെങ്കള്ളരിൽ സ്ഥിതിചെയ്യുന്ന പമ്പ് ഹൗസ് പെട്ടെന്നുണ്ടായ മഴയിലും വെള്ളപ്പൊക്കത്തിലുംപെട്ട് താത്ക്കാലികമായി പ്രവർത്തനക്ഷമമല്ലാതെയായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള നാല് പമ്പ്സെറ്റുകളിൽ രണ്ട് പമ്പുകൾ പ്രവർത്തനക്ഷമമാണ്. കേടായ രണ്ട് പമ്പുകൾ മാറ്റി പുതിയതായി രണ്ട് പമ്പുകൾ കൂടി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുതിയ രണ്ട് പമ്പ് സെറ്റുകൾ ആറ് മാസത്തിനുള്ളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

വെള്ളക്കരത്തിന്റെ വർദ്ധനവ്

181 (4984) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ഗാർഹിക കണക്ഷനുകൾക്ക് വെള്ളക്കരം എത്രയായിരുന്നു എന്ന് യൂണിറ്റ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ; ഗാർഹിക കണക്ഷനുകൾക്ക് ഇപ്പോൾ വെള്ളക്കരം എത്ര രൂപയാണെന്ന് യൂണിറ്റ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളക്കരം എത്ര തവണ ഉയർത്തി ; ഓരോ തവണയും യൂണിറ്റിന് എത്ര രൂപ വീതം ഉയർത്തി എന്ന് വിശദമാക്കാമോ ;

(സി) വെള്ളക്കരം ഉയർത്താനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly